# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 509 | 04.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## സംസ്ഥാനത്തിനു ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ. എം.കെ. മുനീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. ടി.വി. ഇബ്രാഹിം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിനു ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്ര സർക്കാർ കാലതാമസം വരുത്തുന്നുണ്ടോ; | (എ) | സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്ര സർക്കാർ കാലതാമസം വരുത്തുന്നുണ്ട്. |
| (ബി) | നഷ്ടപരിഹാരത്തുക നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം 2019 ആഗസ്റ്റ്, 2019 സെപ്റ്റംബർ മാസങ്ങളിലേത് ഒക്ടോബർ 2019 ൽ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായി. ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി.<br><br>ഇതിനായി കേരളം മുൻകൈ എടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും കേന്ദ്രത്തിനോട് നഷ്ടപരിഹാര തുക റിലീസ് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുമായി രണ്ട് പ്രാവശ്യം വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത വിഷയം കേരളത്തിലെ എം.പി.മാർ പാർലമെന്റിൽ ഉന്നയിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്ന ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഡിസംബർ മാസത്തിൽ സംസ്ഥാനത്തിന് ലഭിച്ചു. |

| | | | |
|---|---|---|---|
| (സി) | നഷ്ടപരിഹാര തുക ലഭിക്കാത്തതിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസിനെയും മോട്ടോർവാഹന വകുപ്പിനെയും മറ്റു വകുപ്പുകളെയും ഉപയോഗിച്ച് ജനങ്ങളിൽ പിഴ ചുമത്തി വരുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | അവാസ്തവമായ പ്രസ്താവനയാണിത്. |

സെക്ഷൻ ഓഫീസർ